**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5070** **11-08-2021 - ൽ മറുപടിയ്ക്ക്**

**അംഗീകൃത അറവുശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ അംഗീകൃത അറവുശാലകൾ എത്രയുണ്ടെന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിൽ അംഗീകൃത അറവുശാലകളില്ല. |
| (ബി) | തദ്ദേശസ്ഥാപന പരിധിയിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. ഇംപാക്ട് കേരള മുഖേന കിഫ്ബി ധനസഹായത്തോടെ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകയ്ക്കുള്ള പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | അറവുശാലകളിലെ മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും എന്തൊക്കെ പദ്ധതികൾ ആണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | 1996-ലെ കേരള പഞ്ചായത്തരാജ് (കശാപ്പ ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 40 എ പ്രകാരം ഉടമസ്ഥനോ കശാപ്പശാലയുടെയോ ഇറച്ചിക്കടയുടെയോ ലൈസൻസിയോ കശാപ്പുകാരനോ, മൃഗങ്ങളുടെയോ പക്ഷികളുടെയോ അവശിഷ്ടങ്ങൾ, മാംസം എന്നിവ അത് നിക്ഷേപിക്കാനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്തും രീതിയിലും അല്ലാതെ മറ്റൊരിടത്തും നിക്ഷേപിക്കാനോ കുഴിച്ചു മൂടാനോ ഒഴുക്കി വിടാനോ പാടില്ലാത്തതും അപ്രകാരം അനുവദിക്കാനോ കാരണക്കാരാകാനോ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അറവു ശാലകൾക്ക് അനുമതി നൽകുന്നത്. കൂടാതെ ഇംപാക്ട് കേരള മുഖേന നടപ്പിലാക്കുന്ന ആധുനിക അറവുശാല പദ്ധതിയിൽ അറവു ശാലകളിലെ മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും Rendering Plant/Effluent Treatment Plant/Biogas Plant/ Bio-filter മുതലായ ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ